"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്: - പഞ്ചായത്ത് ജീവനക്കാര്യം; - കോഴിക്കോട് ജില്ല - പയ്യോളി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. അൻസാർ കെ, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. സന്ദീപ്. എ, എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1080/2023/LSGD തീയതി,തിരുവനന്തപുരം, 22-05-2023

---

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30/08/2022-ലെ ഇ14 -(ക്യൂ.വി.27/2017/കെ.കെ.ഡി) 32835/2017 നമ്പർ റിപ്പോർട്ട്.
2. സർക്കാരിന്റെ 28/06/2019 ലെ ഇപിബി3/210/2018/തസ്വഭവ. നമ്പർ കുറ്റപത്രം.
3. ശ്രീ. അൻസാർ. കെ 08/10/2020 ൽ സമർപ്പിച്ച എതിർവാദപത്രിക.
4. ശ്രീ. സന്ദീപ്. എ 12/10/2020 ൽ സമർപ്പിച്ച എതിർവാദപത്രിക.
5. പഞ്ചായത്ത് ഡയറക്ടറുടെ 16/08/2021 ലെ PAN/10281/2019-D1(DP) നമ്പർ റിപ്പോർട്ട്.
6. സ.ഉ.(സാധാ)നം..1657/2020/തസ്വഭവ. തീയതി, 12/07/2022.
7. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24/10/2022 ലെ ഡിഡിപി-കെകെഡി/3879/2019-A6 നമ്പർ റിപ്പോർട്ട്.

ഉത്തരവ്

കോഴിക്കോട് ജില്ല പയ്യോളി ഗ്രാമപഞ്ചായത്തിൽ (ഇപ്പോൾ മുനിസിപ്പാലിറ്റി) കെട്ടിട നിർമ്മാണ അനുമതി നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി

പരാമർശം (1) പ്രകാരം റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. അന്വേഷണത്തിൽ കണ്ടെത്തിയ KPBR സെക്ഷൻ 13, കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ 1967 എന്നിവ ലംഘിച്ച് BL.5385/14-15 നം കെട്ടിട നിർമ്മാണ അനുമതി നൽകിയതിൽ ശ്രീ. അൻസാർ. കെ, മുൻ സെക്രട്ടറി, പയ്യോളി ഗ്രാമപഞ്ചായത്ത്, ശ്രീ. സന്ദീപ്.എ, മുൻ ജൂനിയർ സൂപ്രണ്ട് എന്നിവർക്കെതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ ടി ജീവനക്കാർക്കെതിരെ ചുവടെ ചേർത്തിട്ടുള്ള കുറ്റങ്ങൾ മുൻ നിർത്തി കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി പരാമർശം (2) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

1. കെട്ടിടത്തിന്റെ നിർമ്മാണം അംഗീകൃത പ്ലാൻ അനുസൃതമല്ല. കൂടാതെ നിലകൾ, സ്റ്റെയർ, റൂം ലേ-ഔട്ട് എന്നിവയുടെ നിർമ്മാണത്തിൽ വ്യതിയാനമുണ്ട്.
2. കെട്ടിട അനുമതി ശുപാർശ ചെയ്ത് ഓവർസിയർ സമർപ്പിച്ച പ്ലാനിൽ കെട്ടിടത്തിന്റെ ഉയരം രേഖപ്പെടുത്താത്തത് ചൂണ്ടിക്കാണിച്ചിട്ടില്ല. എന്നാൽ റെയിൽവേ പുറപ്പെടുവിച്ച എൻ.ഒ.സി യിൽ കെട്ടിടത്തിന്റെ ഉയരം 8.10 മീറ്ററായി പരിമിതപ്പെടുത്തിയിട്ടും ആയത് അംഗീകരിച്ചു.
3. കൈവശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം തോട്ടവും നഞ്ചയും ഉൾപ്പെട്ടിട്ടുള്ളതാണ്. പക്ഷേ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർമ്മാണം നഞ്ച ഭൂമിയിലാണോ എന്ന് പരിശോധിച്ചില്ല.

പ്രസ്തുത കുറ്റപത്രത്തിന് ശ്രീ. അൻസാർ കെ, ശ്രീ. സന്ദീപ്.എ, എന്നിവർ പരാമർശം (3), പരാമർശം (4) എന്നിവ പ്രകാരം എതിർവാദ പ്രതിക സമർപ്പിക്കുകയും, മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു .

തുടർന്ന്, കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിനാൽ ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (6) പ്രകാരം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതും തുടർന്ന് പരാമർശം (7) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം റീസ 41/9, 41/10 നമ്പറിലുള്ള ഭൂമിയുടെ തരം തോട്ടവും മറ്റൊന്ന് നഞ്ചയുമാണെന്ന് വ്യക്തമാണെങ്കിലും ഭൂമിയുടെ തരം സംബന്ധിച്ച രേഖകൾ ഒരു ഘട്ടത്തിലും പരിശോധന എഞ്ചിനീയറിംഗ് വിഭാഗമോ, സെക്ഷൻ ക്ലർക്കോ, ജൂനിയർ സൂപ്രണ്ടോ, സെക്രട്ടറിയോ പരിശോധന നടത്തിയതായി ഫയലിൽ കാണുന്നില്ല. റെയിൽവേയുടെ NOC

ലഭ്യമായതിന് ശേഷമാണ് ജൂനിയർ സൂപ്രണ്ട് മുമ്പാകെ പ്രസ്തുത ഫയൽ ലഭ്യമായത്. മുൻ നടപടി ക്രമങ്ങൾ പരിശോധിച്ചാൽ തുടർ നടപടികളായി റെയിൽവേയുടെ NOC മാത്രമാണ് ലഭിക്കാനുള്ളത് എന്ന് പ്രഥമ പരിശോധനയിൽ കരുതിപ്പോവാൻ ഇടയായതാണെന്നും, അങ്ങനെ വരുമ്പോൾ മുൻ നടപടിയുടെ തുടർച്ചയായി പിന്നീട് കെട്ടിട നിർമ്മാണ അനുമതിക്ക് ശുപാർശ ചെയ്യാനിടയായതാണെന്നും അനുമാനിക്കുന്നു.

പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി സൂക്ഷ്മ പരിശോധന നടത്തേണ്ടതുണ്ടായിരുന്നു. എന്നിരുന്നാലും ടിയാൻ ബോധപൂർവ്വം ഏതെങ്കിലും ലംഘനങ്ങൾക്ക് കൂട്ട് നിന്നു എന്ന് കരുതുന്നില്ല. പ്രസ്തുത ഭൂമി വർഷങ്ങൾക്ക് മുമ്പ് പരിവർത്തനം ചെയ്യപ്പെട്ടതും, വീട് നില നിന്നിരുന്ന ഭൂമിയാണെന്നും, ഡാറ്റബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമാണെന്നതും നിലവിൽ പ്രസ്തുത ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 27(എ) പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ 8559/19 നമ്പർ ഉത്തരവ്, റവന്യൂ ഡിവിഷണൽ ഓഫീസറുടെ 24.07.2022 തിയതിയിലെ RDOVDK/4016/2022-G4 നമ്പർ ഉത്തരവുകൾക്ക് വിധേയമായി തരം മാറ്റി ഉത്തരവായിട്ടുമുണ്ട്. പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി സൂക്ഷ്മ പരിശോധന നടത്തേണ്ടതുണ്ടായിരുന്നു എന്നും ബോധപൂർവ്വം ഏതെങ്കിലും ലംഘനങ്ങൾക്ക് കൂട്ട് നിന്നു എന്ന് കരുതുന്നില്ല എന്നും അഭിപ്രായപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പയ്യോളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.അൻസാർ, ജൂനിയർ സൂപ്രണ്ട്, ശ്രീ.സന്ദീപ് ഔപചാരിക അന്വേഷണത്തിൽ പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി സൂക്ഷ്മ പരിശോധന നടത്തേണ്ടതുണ്ടായിരുന്നു എന്നും ബോധപൂർവ്വം ഏതെങ്കിലും ലംഘനങ്ങൾക്ക് കൂട്ട് നിന്നു എന്ന് കരുതാനാവില്ലായെന്നും മേൽ വിഷയത്തിൽ സാമ്പത്തികനഷ്ടമൊന്നും ഉണ്ടായിട്ടില്ലായെന്നുമുള്ള വസ്തുതകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവരുടെ ഭാഗത്ത് നിന്നും സംഭവിച്ച സുക്ഷ്മതക്കുറവിന് ശക്തമായ താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് തിരുവനന്തപുരം.

2. ശ്രീ. അൻസാർ. കെ, മുൻ സെക്രട്ടറി, പയ്യോളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് മുഖേന).
3. ശ്രീ. സന്ദീപ്. എ, മുൻ ജൂനിയർ സൂപ്രണ്ട്, പയ്യോളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് മുഖേന).
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് വിജി-ഡി2/629/2018-വിജി തീയതി 05/05/2023 പ്രകാരം).
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/210/2018/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Noushad M
Date: 22-05-2023 10:56:51